**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **379** **04.06.2018-** ൽ മറുപടിയ്ക്ക്

## വയോജന ക്ഷേമ പദ്ധതികൾ

ചോദ്യം | മറുപടി
--- | ---
ശ്രീ. പുരുഷൻ കടലുണ്ടി<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.കെ.ആൻസലൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വൃദ്ധജനങ്ങളുടെ ആരോഗ്യ സംരക്ഷണം, സുരക്ഷ തുടങ്ങിയവയ്ക്കായി ആവിഷ്കരിച്ച സായംപ്രഭ പദ്ധതിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നിലവിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സായംപ്രഭ പദ്ധതിയ്ക്കായി 2018-19 സാമ്പത്തിക വർഷം 5.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | സർക്കാർ ഓഫീസുകൾ, പൊതു സ്ഥലങ്ങൾ മുതലായവ | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പൊതുയിടങ്ങൾ |

| | | | |
|---|---|---|---|
| | വയോജന സൗഹൃദ-മാക്കുന്നതിനും എല്ലാ ജില്ലകളിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ, ഹെൽപ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | വയോസൗഹൃദമാക്കുന്നതിനുള്ള പദ്ധതി തിരുവനന്തപുരം,പാലക്കാട് ജില്ലകളിലെ 7 പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകൾ വയോസൗഹൃദ-മാക്കുന്നതിന്റെ ഭാഗമായി വിവിധ ആവശ്യങ്ങൾക്കായി വരുന്ന ശാരീരികാവശതയുള്ള മുതിർന്ന പൗരന്മാർക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് തലവന്മാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ, ഹെൽപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ 'വയോമിത്രം' പദ്ധതിയിൽ പാലിയേറ്റീവ് പരിചരണം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ

സംസ്ഥാന സർക്കാർ വയോജന ക്ഷേമത്തിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് പകൽ പരിപാലന കേന്ദ്രങ്ങളെ അപ്ഗ്രേഡ് ചെയ്യുന്ന 'സായംപ്രഭാ' ഹോം പദ്ധതി, പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് പൂർണ്ണ കൃത്രിമ ദന്തനിര സൗജന്യമായി നൽകുന്ന 'മന്ദഹാസം' പദ്ധതി, സർക്കാർ വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയുടെ പരിരക്ഷ നൽകുന്ന 'വയോ അമൃതം' പദ്ധതി വയോജനങ്ങൾക്കായി ഒരു മാതൃകാ സായംപ്രഭ ഹോം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മൾട്ടി സർവ്വീസ് 'ഡേ കെയർ സെന്റർ', മുതിർന്ന പൗരന്മാരുടെ അവശതകൾ പരിഹരിക്കുന്നതിനും അവരുടെ ആരോഗ്യ പരിപാലനത്തിനും വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തുകളെ വയോ സൗഹൃദമാക്കുന്നതിനായുള്ള 'വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത്' പദ്ധതി, തിരുവനന്തപുരത്തെ രണ്ട് വൃദ്ധ സദനങ്ങളിൽ നടപ്പാക്കുന്ന 'മ്യൂസിക് തെറാപ്പി', സർക്കാർ വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ മാനസിക സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് നടപ്പാക്കുന്ന 'സൈക്കോ സോഷ്യൽ കെയർ ഫോർ എൽഡർലി പേഴ്സൺസ് ഇൻ ഓൾഡ് ഏജ് ഹോം' പദ്ധതി, 65 വയസ്സ് കഴിഞ്ഞ കോർപ്പറേഷൻ/മുനിസിപ്പൽ നഗരസഭ പ്രദേശത്ത് വസിക്കുന്നവർക്ക് സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് പരിചരണം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം എന്നിവ ലഭ്യമാക്കുന്ന 'വയോമിത്രം' പദ്ധതി എന്നിവ സംസ്ഥാനത്ത് വയോജനങ്ങൾക്കായി നടപ്പാക്കിവരുന്ന പദ്ധതികളാണ്.

സംസ്ഥാനത്തെ 87 നഗരസഭകളിൽ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി ഈ സാമ്പത്തിക വർഷം 14 ബ്ലോക്ക് പഞ്ചായത്തുകളിൽ കൂടി ആരംഭിക്കുന്നതാണ്. ഇതോടൊപ്പം ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിനായി 'ആയുർമിത്രം' എന്ന പദ്ധതി വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പ സാമ്പത്തിക വർഷം നടപ്പാക്കുന്നതാണ്.